35/DGE/HSE/NSS/2024

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
നാഷണൽ സർവീസ് സ്കീം
(ഹയർ സെക്കന്ററിവിഭാഗം )
ജഗതി ഉള്ളൂർ ലെയിൻ, (Opp, New Building)
തിരുവനന്തപുരം
04712323023
dhsensskerala@gmail.com
തീയതി: 07/01/2025

## <u>സർക്കുലർ</u>

വിഷയം: ഹയർ സെക്കന്ററി നാഷണൽ സർവീസ് സ്കീം സംസ്ഥാന അവാർഡ് വിതരണം – സംബന്ധിച്ച്.

സൂചന: 35/DGE/HSE/NSS/2024 തീയതി 23/09/2024

ഹയർ സെക്കന്ററി നാഷണൽ സർവീസ് സ്കീമിന്റെ 2023-24 അദ്ധ്യയന വർഷത്തെ മികച്ച പ്രവർത്തനങ്ങൾ കാഴ്ചവച്ച യൂണിറ്റുകൾ, പ്രോഗ്രാം ഓഫീസർമാർ, ജില്ലാ / ക്ലസ്റ്റർ കൺവീനർമാർ, വോളന്റിയർമാർ എന്നിവർക്കുള്ള അവാർഡ് വിതരണം 2025 ജനുവരി 11 ന് രാവിലെ 11 മണി മുതൽ കൊല്ലം ടി.കെ.എം. എഞ്ചിനീയറിംഗ് കോളേജ് ഓഡിറ്റോറിയത്തിൽ സംഘടിപ്പിക്കുന്നു. സൂചന സർക്കുലർ പ്രകാരം അവാർഡ് ജേതാക്കളായ മുഴുവൻ യൂണിറ്റുകളും വോളന്റിയർമാരും പ്രോഗ്രാം ഓഫീസർമാരും പ്രിൻസിപ്പൽമാരും മറ്റു ചുമതലക്കാരും അന്നേ ദിവസം രാവിലെ 9.30 ന് കൊല്ലം ടി.കെ.എം. എഞ്ചിനീയറിംഗ് കോളേജ് ഓഡിറ്റോറിയത്തിൽ എത്തിച്ചേരേണ്ടതാണ്. ഓരോ ജില്ലയിൽ നിന്നും അവാർഡ് വിതരണ ചടങ്ങിൽ പങ്കെടുക്കുന്നവരുടെ എണ്ണം ജില്ലാ കൺവീനർമാർ 08/01/2025 വൈകിട്ട് 5 മണിക്ക് മുൻപായി എൻ.എസ്.എസ്. സെല്ലിൽ അറിയിക്കേണ്ടതാണ്.

ഒപ്പ്/-
ജോയിന്റ് ഡയറക്ടർ (അക്കാദമിക്)